# പാലക്കാട്ടും നീര പ്ലാന്റ്; ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കും

തിരുവനന്തപുരം: നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാലക്കാട് കോക്കോനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ നീര പ്രോസസിംഗ് പ്ലാന്റിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി 19 ന് നിർവഹിക്കും. മുതലമട ഇടുക്കുപ്പാറ പ്രോജക്ട് സൈറ്റിൽ രാവിലെ ഒമ്പതിന് നടക്കുന്ന ചടങ്ങിൽ പി.കെ ബിജു എം.പി കമ്പനിയുടെ നീര കോൾഡ് സ്റ്റോറേജിന്റെ ഉദ്ഘാടനം നിർവഹിക്കും. നീര ചെത്താൻ തെങ്ങുകൾ നൽകിയ കർഷകർക്കുള്ള പ്രതിഫല വിതരണം കെ. അച്യുതൻ എം.എൽ.എയും ടെക്നീഷ്യന്മാർക്കുള്ള പ്രതിഫല വിതരണം ഹോർട്ടികോർപ്പ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടിയും നിർവഹിക്കും. കാർഷിക നയ രൂപീകരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടി നീര റിഫർ വാഹനത്തിന്റെ താക്കോൽദാനം നിർവഹിക്കും.

കേരളത്തിൽ നീര ഉൽപാദിപ്പിക്കുന്നതിന് 173 ഫെഡറേഷനുകൾക്കാണ് സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളത്. പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ജില്ലയിലെ 500 ൽ പരം സി.പി.എസുകളിൽ അംഗങ്ങളായിട്ടുള്ള 25000ൽ അധികം കർഷകരിൽ നിന്നും ഓഹരി സമാഹരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി കമ്പനി സ്വന്തമായി വാങ്ങിയിട്ടുള്ള മുതലമടയിലെ സ്ഥലത്ത് നീരയും നീരയധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്നങ്ങളും നിർമ്മിക്കാനുള്ള ഫാക്ടറിയുടെ ശിലാസ്ഥാപനമാണ് നടക്കുന്നത്